## ഐപ്പു മാത്തുവും, സന്തതി പരമ്പരയും
## (വലിയ വീട്)

നാലാം തലമുറക്കാരനായ മാത്തു, (വലിയ വീട്) ഐപ്പിന്റെ ഇളയമകനായി ജനിച്ചു. കിഴക്കേ വീട് താവഴി എന്നറിയപ്പെട്ടുരുന്ന ഇരിമ്പൻ തറവാട്ടിലെ ഏറ്റവും ഇളയ സന്താനങ്ങൾക്ക് തറവാടു കൊടുക്കുക എന്ന കീഴ് വഴക്കം അനുസരിച്ച് ആയിരിക്കണം അദ്ദേഹത്തിന് വലിയവീട് ലഭിച്ചത്. മാത്തു കൃഷിക്കാരനായിരുന്നു. അദ്ദേഹം ഞാറക്കൽ മാമ്പിള്ളി പൗലോ മറിയത്തെ വിവാഹം ചെയ്തു.

മാത്തു മറിയം ദമ്പതിമാർക്ക് മൂന്ന് ആൺമക്കളും (അയ്പ്പ്, ദേവസ്സി, ഗീവർഗ്ഗീസ്) രണ്ട് പെൺമക്കളും (റവ. സി. ഫ്ളോറൻസ്, ബ്രിജിത്ത) എന്നിങ്ങനെ അഞ്ചു മക്കളായിരുന്നു.

**അയ്പ്**


മൂത്തമകൻ അയ്പ് നായത്തോടു പയ്യപ്പിള്ളി കൊളുവൻ ഇട്ടിയച്ചൻ അന്നത്തെ (അച്ചാരു) വിവാഹം ചെയ്തു. കൃഷിയായിരുന്നു അയ്പ്പിന്റെ പ്രധാന തൊഴിൽ. ഈ ദമ്പതിമാർക്ക് മാത്തു (പാപ്പു), കുഞ്ഞി പൗലോ, ഇട്ടിയച്ചൻ എന്നീ മൂന്ന് ആൺമക്കളും, കൊച്ചുമറിയം, റവ. സി. ബെന്നോ എന്നീ രണ്ട് പെൺമക്കളും ജനിച്ചു.



അച്ചാരു

**മാത്തു (പാപ്പു)**

ഐപ്പിന്റെയും, അന്നത്തിന്റെയും മൂത്തമകൻ മാത്തു (പാപ്പു) എളന്തിക്കര മാളിയേക്കൽ അന്തോണി മകൾ ഏല്യയെ വിവാഹം ചെയ്തു. പൂവ്വത്തുശ്ശേരിയിലെ പ്രധാന ഉൽപ്പന്നമായ നെല്ലിന്റെ കച്ചവടമായിരുന്നു മാത്തുവിന്. അവർക്ക് രണ്ടു പെൺമക്കളും ഒരു ആൺകുട്ടിയും ജനിച്ചു. പാപ്പു. 20.7.1988 ലും ഏല്യ 1.10.1996 ലും നിര്യാതരായി.



**മേരി എന്ന റവ. സി. മരിയ മക്കരേന**

മാത്തു ഏല്യ ദമ്പതിമാരുടെ മൂത്തമകൾ മേരി സന്ന്യാസ സഭയിൽ ചേർന്ന് റവ. സി. മരിയ മക്കരേന എന്ന പേര് സ്വീകരിച്ചു. സ്പെയിനിലെ മോണാസ്ത്രീയോ സി. സാന്തോപൗള കോൺവെന്റിൽ ആണ് ഇപ്പോൾ

സേവനം ചെയ്യുന്നത്.



റവ .സി. മരിയ

**ജോയ് :**

മാത്തു ഏല്യ ദമ്പതികളുടെ ഏകമകൻ ജോയ് 11.4.1959ൽ ജനിച്ചു. ജോയ്, എളവൂർ നെല്ലിശ്ശേരി ദെമിയാനോസ് മകൾ കൊച്ചുറാണിയെ 23.4.1986ൽ വിവാഹം ചെയ്തു. ഇവർക്ക് രണ്ടുമക്കൾ ജോബിനും, ജിസ്മിയും. പാറക്കടവിൽ താമസമാക്കിയ ജോയ് അങ്കമാലിയിൽ VKD എന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.



**ജോബിൻ** :

13.06.1987 ൽ ജനിച്ച ജോബിൻ B.sc നേഴ്സിങ് കഴിഞ്ഞ് ഇപ്പോൾ ന്യൂസിലൻഡിൽ ജോലി ചെുന്നു ജോബിൻ കുറ്റിക്കാട് കൈതാരത്ത് പോളിന്റെ മകൾ ചിന്നുവിനെ വിവാഹം ചെയ്തു. ഇവർക്ക് ഇവാന എന്ന മകൾ 18.12.2018 ൽ ജനിച്ചു.



ജോബിൻ

**അൽഫോൺസ ബി. എ.**

മാത്തു ഏല്യ ദമ്പതിമാരുടെ ഇളയമകൾ അൽഫോൺസയെ മള്ളുശ്ശേരി പയ്യപ്പിള്ളി ഇട്ടീര മകൻ പീറ്റർ വിവാഹം ചെയ്തു. പീറ്റർ ബോംബെയിൽ ഓറിയന്റൽ കമ്പനിയിൽ ജോലിചെയ്യുന്നു. ഇവർക്ക് മൂന്നു പെൺമക്കൾ (അഞ്ചു, അനിത, മരിയ) ജനിച്ചു.



**കുഞ്ഞിപൗലോ**

അയ്പ് അന്നം ദമ്പതിമാരുടെ രണ്ടാമത്തെ മകനായി കുഞ്ഞിപൗലോ ജനിച്ചു. ഒരു തികഞ്ഞ ദൈവഭ ക്തനും, കൃഷിക്കാരനുമാണ് ശ്രീ കുഞ്ഞിപൗലോ. ചെറുകടപ്പുറം പനക്ക ദേവസ്സി റോസിയാണ് ഭാര്യ. ഈ ദമ്പതിമാർക്ക് ടെസി, ഐപ്പച്ചൻ, ലാലി ഡേവീസ്, ബിജി എന്നീ അഞ്ചു മക്കൾ ജനിച്ചു. റോസി 13.12.2003 ലും കുഞ്ഞി പൗലോ 24.08.2019 ലും നിര്യാതരായി.



കുഞ്ഞിപൗലോ-റോസി

**ടെസി**

കുഞ്ഞിപൗലോ റോസി ദമ്പതിമാരുടെ മൂത്തമകൾ ടെസ്സി 29.9.1958ൽ ജനിച്ചു. ടെസിയെ കുത്തിയതോടു കാളിയാടൻ പൗലോസ് തോമസ് 16.1.1983 ൽ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പെൺമക്കളും (രമ്യ, ലിറ്റിഷ) ഒരു ആൺകുട്ടിയും (ജീസ്) ജനിച്ചു.



**ഐപ്പച്ചൻ**

കുഞ്ഞിപൗലോ റോസി ദമ്പതിമാരുടെ മൂത്തമകനായി ഐപ്പച്ചൻ 27.9.1961ൽ ജനിച്ചു. ഇരിങ്ങാലക്കുട ചാഴുക്കാരൻ പൗലോസ് മകൾ ലിസിൽ നെ 16.1.1994 ൽ വിവാഹം ചെയ്തു. ഐപ്പച്ചൻ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും റിട്ടയർ ചെയ്തു ബാംഗ്ലൂരിൽ താമസിക്കുന്നു. ലിസിൽ അദ്ധ്യാപികയായി ബാംഗ്ലൂരിൽ തന്നെ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടുമക്കൾ. റോസിനയും (ജനനം 26.12.1994), രേഷ്വിൻ (ജനനം 3.2.1997).



എംബിബിഎ കഴിഞ്ഞ റോസിനയെ കൊല്ലം രാമവർമ്മ കര ബോണപ്പാട്ട് ഐവാൻ ഫ്രഡിയുടെ മകൻ റിച്ചാർഡ് നോയൽ ബോണപ്പാട്ട് വിവാഹം കഴിച്ചു.



രണ്ടാമത്തെ മകൾ രേഷ്വിൻ അനിമേഷൻ കോഴ്സ് കഴിഞ്ഞു ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

**റവ. സി. ലാലി മരിയ (C.M.C.) B.A, B.Ed**

കുഞ്ഞിപൗലോ റോസി ദമ്പതിമാരുടെ രണ്ടാമത്തെ മകളായ സി. ലാലി മരിയ 31.10.1965 ൽ ജനിച്ചു. 27.4.1991ൽ സി. ലാലി മരിയ സഭാവസ്ത്രം സ്വീകരിച്ചു. ബി. എ., ബി.എഡ്. പാസായ സി. ലാലി മരിയ മദ്ധ്യപ്രദേശിൽ ബിന എന്ന സ്ഥലത്തുള്ള കർമ്മലീത്ത സഭയുടെ Provincial House ൽ മദർ ആയി 2010 മുതൽ സേവനം ചെയ്യുന്നു.



**ഡേവീസ്**

കുഞ്ഞിപൗലോ റോസി ദമ്പതിമാരുടെ രണ്ടാമത്തെ മകനായ ഡേവീസ് 14.2.1969ൽ ജനിച്ചു. പ്രാഥമിക എഞ്ചിനിയറിംഗ് വിദ്യാഭ്യാസത്തിനു ശേഷം സൗദി അറേബ്യയിൽ ജോലി നോക്കി. ഇപ്പോൾ നാട്ടിൽ ജോലി ചെയ്യുന്നു. മറ്റൂർ പുതുശ്ശേരി ജോസ് മകൾ ലിജിയെ 18.11.2001 ൽ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ (കെവിൻ- ജനനം: 15.10.2004, മരിയ - ജനനം: 18.5.2007) ജനിച്ചു.



**ബിജി B.A., B.Ed**

കുഞ്ഞിപൗലോ റോസി ദമ്പതിമാരുടെ ഇളയ മകളായി ബിജി 26.12.1973ൽ ജനിച്ചു. ബിജിയെ കുഴൂർ പഞ്ഞിക്കാരൻ ദേവസ്സി മകൻ സജി 6.8.1997ൽ വിവാഹം ചെയ്തു. ഇവർക്ക് ഒരു പെൺകുട്ടിയും (ശ്രുതി), മൂന്ന് ആൺകുട്ടികളും (ജോസഫ്, ക്രിസ്റ്റിൻ, ഇമ്മാനുവേൽ) ജനിച്ചു.



**കൊച്ചുമറിയം**

അയ്പ് അന്നം ദമ്പതിമാരുടെ മൂത്തമകൻ കൊച്ചുമറിയത്തെ മുരിങ്ങൂർ കല്ലേലി ഇട്ടിയച്ചൻ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു പെൺകുട്ടി (എൽസി) ജനിച്ചു. കൊച്ചുമറിയവും, ഇട്ടിയച്ചനും നിര്യാതരായി. എൽസിയെ ചൊവ്വര തേക്കാനത്ത് തോമസ് മകൻ ജോസഫ് വിവാഹം ചെയ്തു.



കൊച്ചുമറിയം

**ഇട്ടിയച്ചൻ**

അയ്പ്പ് അന്നം ദമ്പതിമാരുടെ മൂന്നാമത്തെ മകനായ ഇട്ടിയച്ചൻ 9.5.1934 ൽ ജനിച്ചു. ഇട്ടിയച്ചൻ, മാള പള്ളിപ്പുറം ചെല്ലക്കുടം ലോനപ്പൻ പ്ലമേന മകൾ ത്രേസ്യാമ്മയെ 14.2.1996ൽ വിവാഹം ചെയ്തു. ഈ ദമ്പതിമാർക്ക് ഡീന, ജോസ്, ജോഷി, ഡെൻസി എന്നീ നാലു മക്കൾ ജനിച്ചു. ത്രേസ്യാമ്മ വിശുദ്ധ നാടുകൾ സന്ദർശിച്ചിട്ടുണ്ട് . ഇട്ടിയച്ചൻ 30.4.2018 ൽ നിര്യാതനായി.



**ഡീന**

ഇട്ടിയച്ചൻ ത്രേസ്യാമ്മ ദമ്പതിമാരുടെ മൂത്തമകൾ ഡീന ( എൻ.ടി.ടി.സി.) 24.1.1967ൽ ജനിച്ചു. ഡീനയെ സൗദി അറേബ്യയിൽ ബിസിനസ്സ് നടത്തുന്ന മേലഡൂർ ചക്കാലക്കൽ പൗലോസ് മേരി മകൻ ജേക്കബ്ബ് 14.4.1991ൽ വിവാഹം ചെയ്തു. ഇവർക്ക് ഒരു പെൺകുട്ടിയും(പ്രിയങ്ക),ഒരാൺകുട്ടിയും (അരുൺ) ജനിച്ചു.



**ജോസ് B.Com.**

ഇട്ടിയച്ചൻ ത്രേസ്യാമ്മ ദമ്പതിമാരുടെ മൂത്തമകൻ ജോസ് 8.7.1968 ൽ ജനിച്ചു. ബി. കോം., ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സോഫ്ട്‌വെയർ പാസ്സായ ജോസ് ഇപ്പോൾ നാട്ടിൽ സ്ഥിരതാമസമാക്കി നാട്ടിൽ തന്നെ

ജോലിയിലാണ്.ജോസ് മേലഡൂർ കണ്ണംമ്പുഴ ജോസിന്റെ മകൾ ജെനി (ഐ. ടി. ഐ: സിവിൽ) യെ 16.7.2000ൽ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് മക്കൾ: സാന്ദ്ര (ജനനം 6.8.2004) ഇസബല്ല (ജനനം 13.3.2008) ഹേസൽ 19/08/2015



**ജോഷി**

ഇട്ടിയച്ചൻ ത്രേസ്യാമ്മ ദമ്പതിമാരുടെ രണ്ടാമത്തെ മകൻ ജോഷി 1.1.1970 ൽ ജനിച്ചു. ഐ. ടി. ഐ. (ഇല ക്ട്രിക്കൽ) പാസ്സായ ജോഷി പുത്തൻവേലിക്കര വാഴപ്പിള്ളി അഗസ്റ്റിൻ മേരി മകൾ ജിജിയെ 4.3.2001ൽ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കൾ ജനിച്ചു. ഐറിൻ (ജനനം 14.10.2003), കാതറിൻ (ജനനം 21.1. 2006). ജോഷി ഇപ്പോൾ കുടുംബസമേതം മസ്കറ്റിൽ ജോലി ചെയ്യുന്നു.



**ഡെൻസി M.A., B.Ed.**:

ഇട്ടിയച്ചൻ ത്രേസ്യാമ്മ ദമ്പതിമാരുടെ ഇളയമകൾ ഡെൻസി 3.4.1974ൽ ജനിച്ചു. ഡെൻസിയെ ഒല്ലൂർ ഐനിക്കൽ ഡേവീസിന്റെ മകൻ അനു ബി. കോം., സി. എ. 29.11.1997ൽ വിവാഹം ചെയ്തു. ഇവർ ഇപ്പോൾ ദുബായിൽ താമസിക്കുന്നു. ഇവർക്ക് ഒരു ആൺകുട്ടിയും (നിഖിൽ), ഒരു പെൺകുട്ടിയും (നേ ഹ) ജനിച്ചു.



**റവ. സി. ബെന്നോ C.M.C.** :

അയ്പ് അന്നം ദമ്പതിമാരുടെ രണ്ടാമത്തെ മകളായ സി. ബെന്നോ എസ്.എസ്.എൽ.സി പാസായ ശേഷം 1960ൽ സഭാവസ്ത്രം സ്വീകരിച്ചു. 1962മുതൽ 1996 വരെ തൃശ്ശൂർ വിമല കോളേജിൽ ക്ലർക്കായി ജോലി നോക്കി. 1996-99 കാലയളവിൽ തൃശ്ശൂർ ശാന്തിസദനിൽ മദർ സുപ്പീരിയറായിരുന്നു. 1999 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ സെന്റ് മേരീസ് കോൺവെന്റിൽ ഹോസ്റ്റൽ വാർഡനായി സേവനം നടത്തി.

2010 മുതൽ മദർ സുപ്പീരിയർ ആയി സേവനം ചെയ്തതിനു ശേഷം ഇപ്പോൾ ഒല്ലൂർ ഫാത്തിമ കോൺവെന്റിൽ വിശ്രമ ജീവിതം നയിക്കുന്നു.



**റവ. മദർ ഫ്ളോറൻസ്** (ത്രേസ്യ) **C.M.C.** :

നാലാം തലമുറയിലെ മാത്തു മറിയം ദമ്പതിമാരുടെ മൂത്തമകളായ റവ. മദർ ഫ്ളോറൻസ് (ത്രേസ്യ) 10.3.1897 ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 8.4.1916ൽ സി.എം.സി. സന്യാസ സഭാംഗമായി ചേർന്നു. 8.4.1922ൽ നിത്യവ്രതാനുഷ്ടാനം നടന്നു. 65 വർഷത്തെ തന്റെ സന്ന്യാസ ജീവിതം ഏവർക്കും മാതൃകയായിരുന്നു. സി. ഫ്ളോറൻസമ്മയ്ക്ക് എപ്പോഴും പുഞ്ചിരിക്കുന്ന പ്രകൃതമായിരുന്നു. ഈ സഹോദരിയുടെ പ്രേഷിത പ്രവൃത്തി അദ്ധ്യാപനമായിരുന്നു. ഒല്ലൂർ, കണ്ടശാങ്കടവ്, പാലക്കാട്, കുരിയച്ചിറ, ഇരിഞ്ഞാലക്കുട എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇരിഞ്ഞാലക്കുട ലിറ്റൽ ഫ്ളവർ മഠാധിപ ആയിരുന്നു. കഠിനാദ്ധ്വാനം, പരമാർത്ഥത, ദൈവസ്നേഹം എന്നീ ഗുണങ്ങൾ ഈ സഹോദരിയിൽ വിളങ്ങിയിരുന്നു. 08.11.1981ൽ ഇരിഞ്ഞാലക്കുട മഠത്തിൽ വച്ച് കർത്താവിൽ നിദ്രപ്രാപിച്ചു. മഠത്തോടു ചേർന്നുള്ള കപ്പേളയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു.



**ദേവസ്സി**

മാത്തു മറിയം ദമ്പതിമാരുടെ രണ്ടാമത്തെ മകനായി ദേവസ്സി 16.4.1900ൽ ജനിച്ചു. കൃഷിക്കാര്യങ്ങളിൽ സമർത്ഥനും പരിശ്രമശാലിയുമായിരുന്നു. പൂവ്വത്തുശ്ശേരിയിൽ കാച്ചപ്പിള്ളി വർക്കി മകൾ ഏല്യയെ വിവാഹം ചെയ്തു. ഈ ദമ്പതിമാർക്ക് ത്രേസ്യക്കുട്ടി, കൊച്ചുലോനപ്പൻ, മേരി, ജോർജ്ജ്, മാത്തു, ജോസ്, റീത്ത എന്നിങ്ങനെ ഏഴ് മക്കൾ പിറന്നു. ദേവസ്സി 28.4.1979ലും ഏല്യ 7.12.1980ലും നിര്യാതരായി.




**ത്രേസ്യക്കുട്ടി**

ദേവസ്സി ഏല്യ ദമ്പതിമാരുടെ മൂത്തമകൾ ത്രേസ്യക്കുട്ടിയെ ഇടപ്പള്ളി മടേക്കൽ കൊച്ചാപ്പു മകൻ പൗലോസ് വിവാഹം ചെയ്തു. ഇവർക്ക് നാല് പെൺ മക്കളും (മേരി, ലില്ലി, റെനി, ഡീന) ഒരു മകനും (ഡെന്നി) ജനിച്ചു. കൊരട്ടി ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ അദ്ധ്യാപികയായിരുന്ന മൂത്തമകൾ മേരിയെ കൊരട്ടി കൂവക്കാടൻ പൗലോസ് ഐസക്ക് (ജോണി) Rtd. PWDഎഞ്ചിനിയർ വിവാഹം ചെയ്തു. ഇടപ്പിള്ളി സെന്റ്.

പീയൂസ് സ്കൂളിൽ അദ്ധ്യാപികയായിരുന്ന ലില്ലിയെ പൂക്കാട്ടുപടി കാടപറമ്പിൽ ദേവസ്സി ജോസഫ് (റിട്ട. ടീച്ചർ) വിവാഹം ചെയ്തു.

ഇടപ്പിള്ളി സെന്റ്. പീയൂസ് സ്കൂളിൽ അദ്ധ്യാപികയായ റെനിയെ കാരൂർ ചിറ്റിലപ്പിള്ളി തൊമ്മാന ദേവസ്സി മകൻ ജോർജ്ജ് (ഫെഡറൽ ബാങ്ക്, ഇടപ്പിള്ളി) വിവാഹം ചെയ്തു.

ഇളയ മകളായ ഡീനയെ വരാപ്പുഴ അമ്പലത്തിങ്കൽ ജോസഫ് മകൻ ജെയിംസ് (ബിസിനസ്സ്) വിവാഹം ചെയ്തു. ഏകമകനായ ഡെന്നി (വയലിനിസ്റ്റ്) ഷീനയെ വിവാഹം ചെയ്തു. സ്വന്തമായി ബിസിനസ്സ് നടത്തുന്ന ഡെന്നി ഇപ്പോൾ കുടുംബസമേതം കോടനാട്ടിൽ താമസിക്കുന്നു. പൗലോസ് 19/1 /1996 ലും ത്രേസ്യക്കുട്ടിയെ 4.4.2017 ലും നിര്യാതരായി.



. പൗലോസ് - ത്രേസ്യക്കുട്ടി

**കൊച്ചുലോനപ്പൻ**

ദേവസ്സിക്കുട്ടി ഏല്യ ദമ്പതിമാരുടെ മൂത്തമകൻ കൊച്ചുലോനപ്പൻ 1.9.1927ൽ ജനിച്ചു. കൊച്ചുലോനപ്പൻ പൂവ്വത്തുശ്ശേരിയിൽ വടക്കുഞ്ചേരി ഔസേഫ് മകൾ തങ്കമ്മയെ വിവാഹം ചെയ്തു. കൊച്ചുലോനപ്പൻ തങ്കമ്മ ദമ്പതിമാർക്ക് റവ. സി. ലിസി ജോൺ, റവ. സി. ഫ്ളോസി ജോൺ, ഷീല, ഷീജ എന്നീ നാല് പെൺമക്കൾ ജനിച്ചു. തങ്കമ്മ വിശുദ്ധ നാടുകൾ സന്ദർശിച്ചിട്ടുണ്ട്. കൊച്ചുലോനപ്പൻ 21.8.1995ൽ നിര്യാതനായി.



**റവ. സി. ഡോക്ടർ ലിസിജോൺ (C.M.C.) M.Com., M.Phil., P.H.D.** :

കൊച്ചുലോനപ്പൻ തങ്കമ്മ ദമ്പതിമാരുടെ മൂത്തമകളായി 27.4.1958ൽ സി. ലിസി ജോൺ ജനിച്ചു. വ്രതവാഗ്ദാനം 29.5.1985ൽ നടന്നു. ജൂനിയറേറ്റ് കോഴ്സ് 1978ൽ ആലുവ ജനറലേറ്റ് ഹൗസിൽ നടന്നു. ഒരു കൊല്ലം നഴ്സിംഗ് സ്റ്റുഡന്റായി ചൂണ്ടലിൽ പഠിച്ചതിനുശേഷമായണ് 1979ൽ ബി.കോം.ന് ചേർന്നത്. അതിനുശേഷം എം.കോം. പാസായി.1991-1992 കാലത്ത് ഇസ്രായേലിൽ ബൈബിൾ പഠനം നടത്തി. തൃശ്ശൂർ വിമല കോലേജിൽ ഹോസ്റ്റൽ വാർഡനായും, അദ്ധ്യാപികയായും ജോലി ചെയ്തിരുന്നു. ഈ സമയത്ത് സോഷ്യോ ഇക്കണോമിക്സ് ഇൻപാക്റ്റ് ഓഫ് മൈക്രോഫിനാൻസ് എന്ന വിഷയത്തിൽ പി. എച്ച്.ഡി. ബിരുദം കരസ്ഥമാക്കി. വിമല കോളേജിൽ നിന്നും പ്രിൻസിപ്പലായി വിരമിച്ച ശേഷം സി.ലിസി ജോൺ രണ്ടു സിബിഎസ്ഇ സ്കൂളുകളുടെ പ്രിൻസിപ്പലായും പ്രൊവിൻഷ്യൽ കൗൺസിലറായും സേവനം ചെയ്തു. ഒല്ലൂരിലെ വി.എവുപ്രാസ്യമ്മയുടെ തീർത്ഥ കേന്ദ്രം ഡയറക്ടറായി പ്രവർത്തിച്ചതിനു ശേഷം ഇപ്പോൾ തൃശ്ശൂർ ചേരൂരിലുള്ള ദിവ്യ ഭവൻ കോൺവെന്റിൽ മദർ സുപ്പീരിയർ ആയി സേവനം ചെയ്യുന്നു .



സി. ലിസി ജോൺ

**റവ. സി. ഫ്ളോസി ജോൺ (C.M.C.), B.A.**

കൊച്ചുലോനപ്പൻ തങ്കമ്മ ദമ്പതിമാരുടെ രണ്ടാമത്തെ മകളായ സി. ഫ്ളോസി (കൊച്ചുറാണി) 11.9.1960ൽ ജനിച്ചു. 6.6.1977ൽ കർമ്മലീത്ത മഠത്തിൽ ചേർന്നു. 26.12.1981ൽ വ്രതവാഗ്ദാനവും നടന്നു. കാട്ടുങ്ങ ചിറ, സ്നേഹഗിരി, മാള, ഇരിങ്ങാലക്കുട എന്നീ സ്ഥലങ്ങളിലുള്ള സ്കൂളുകളിൽ പഠിപ്പിച്ചിട്ടുണ്ട്. 20.7.1992ൽ സി.എം.സി. ജനറലേറ്റിൽ റിന്യൂവൽ ടീമിൽ ജോലിചെയ്തിരുന്നു. കലൂർ സെൻറ് ജോർജ് സ്കൂളിൽ നിന്നും റിട്ടയർമെൻറ് ആയി വിരമിച്ചതിനുശേഷം രണ്ടു മഠംങ്ങളിൽ മദർ ആയി സേവനം ചെയ്തു കാട്ടൂർ വി.എവുപ്രാസ്യമ്മയുടെ തീർത്ഥ കേന്ദ്രം ഡയറക്ടറായി പ്രവർത്തിച്ച സി. ഫ്ളോസി ഇപ്പോൾ പുളിയിലക്കുന്നിലുള്ള ചവറ നികേതൻ കോൺവെന്റിൽ കാൻസർ ചികിത്സയിലാണ് .



റവ. സി. ഫ്ളോസി ജോൺ

**ഷീല**

കൊച്ചുലോനപ്പൻ തങ്കമ്മ ദമ്പതിമാരുടെ മൂന്നാമത്തെ മകളായ ഷീല 25.3.1963ൽ ജനിച്ചു. ഷീലയെ പൂവ്വത്തുശ്ശേരിയിൽ മഞ്ഞളി വർക്കി മകൻ നിക്സൺ 6.6.1990ൽ വിവാഹം ചെയ്തു. സൗദിയിലെ 32 വർഷത്തെ പ്രവാസി ജീവിതത്തിന് ശേഷം നാട്ടിൽ വന്ന് സ്ഥിരതാമസമാക്കിയ നിക്സൺ ഇപ്പോൾ ആലുവ കോടതിയിൽ വക്കീലായി പ്രവർത്തിക്കുന്നു. ഇവർക്ക് രണ്ട് പെൺമക്കൾ (നിഷ മേരി, നിത മേരി) ജനിച്ചു. ദമ്പതികളുടെ മൂത്തമകൾ നിഷ മേരി MA ബിരുദധാരിയാണ്. രണ്ടാമത്തെ മകൾ ഡോക്ടർ നിത മേരിയെ വരാപ്പുഴ മണവാളൻ ജോളി മകൻ ഡോക്ടർ ലിയോ വിവാഹം ചെയ്തു.

**ഷീജ B.A**

കൊച്ചുലോനപ്പൻ തങ്കമ്മ ദമ്പതിമാരുടെ നാലാമത്തെ മകളായ ഷീജ 4.7.1967ൽ ജനിച്ചു. ഷീജയെ കൊരട്ടിയിൽ വെളിയത്ത് (കൂവക്കാടൻ) ദേവസ്സിയുടെ മൂത്തമകൻ തോമസ് (കെ.എസ്.ഇ.ബി) 31.1.1993ൽ വിവാഹം ചെയ്തു. ടി.ടി.സി.യും,ബി.എ.യും പാസായ ഷീജ കല്ലൂർ സെന്റ്. ജോർജ്ജ് സ്കൂളിൽ അദ്ധ്യാപികയാണ്. ഷീജയുടെ മൂത്ത മകൻ അജിത്ത എൽസാ ജോസഫ്നെ വിവാഹം കഴിച്ചു കാനഡയിൽ താമസമാക്കി. രണ്ടാമത്തെ മകൻ അജയ് MBBS ന് പഠിയ്ക്കുന്നു. തോമസ് 17/08/2025ൽ നിര്യാതനായി.

**മേരി**

ദേവസ്സി ഏല്യ ദമ്പതിമാരുടെ രണ്ടാമത്തെ മകൾ മേരിയെ ചാലക്കുടി പാക്രത്ത് പൊറിഞ്ചു മകൻ സേവ്യർ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടാൺമക്കളും (ജോഷി, സെബാസ്റ്റ്യൻ) ഒരു പെൺകുട്ടിയും (ഡാലി) ജനിച്ചു. സേവ്യർ 23.2.2006ൽ നിര്യാതനായി. ഇവരുടെ മൂത്തമകനായ ജോഷി കുറച്ചുകാലം ദുബായിയിൽ ജോലിചെയ്തിരുന്നു. ജോഷി, മാഞ്ഞൂരാൻ ഫ്രാൻസീസ് മകൾ ബിന്ദുവിനെ വിവാഹം ചെയ്തു. ഡാലിയെ വടമ കണ്ണമ്പുഴ അരീക്കാടൻ ജെയ്ക്കബിന്റെ മകൻ സൈമൺ വിവാഹം ചെയ്തു. ഷാർജയിൽ സ്വന്തമായി ബിസിനസ് നടത്തുന്ന സെബാസ്റ്റ്യൻ കളമശ്ശേരി പെരുമ്പിള്ളി സെബാസ്റ്റ്യൻ മകൾ നിമ്മിയെ വിവാഹം ചെയ്തു.



**ജോർജ്ജ്**

ദേവസ്സി ഏല്യ ദമ്പതിമാരുടെ രണ്ടാമത്തെ മകനായ ജോർജ്ജ് 10.5.1936ൽ ജനിച്ചു. ചാലക്കുടി മൽപ്പാൻ ദേവസ്സി മകൾ അന്നംകുട്ടിയെ 8.5.1967ൽ വിവാഹം ചെയ്തു. ഈ ദമ്പതിമാർക്ക് രണ്ട് ആൺമക്കൾ (സെബി, സൈബി) ജനിച്ചു. ജോർജ്ജ് 6.11.1979ൽ നിര്യാതനായി. അന്നംകുട്ടി പൂവ്വത്തുശ്ശേരി സെന്റ്. ജോസഫ് സ്കൂളിൽ അദ്ധ്യാപികയായിരുന്നു.



ജോർജ്ജ്

**സെബി B.Com., P.G.D.C.A.**

ജോർജ്ജ് അന്നംകുട്ടി ദമ്പതിമാരുടെ മൂത്തമകനായ സെബി 16.4.1969ൽ ജനിച്ചു. സെബി തൃശ്ശൂർ അത്താണി സ്റ്റാർ പ്ലാസ്റ്റിക് കമ്പനിയിൽ ജോലി ചെയ്യുന്നു. ചാലക്കുടി ആലപ്പാട്ട് ജോയ് മകൾ ജിനിയെ 27.2.2000- വിവാഹം ചെയ്തു. ലൈബ്രറേറിയൻ കോഴ്സ് പാസായ ജിനി വിമല കോളേജിൽ ലൈബ്രേറിയനായി ജോലി ചെയ്യുന്നു. ഈ ദമ്പതിമാർക്ക് വിദ്യാർത്ഥികളായ രണ്ടു കുട്ടികളുണ്ട്. സജിത്തും (ജനനം 5.1.2001) ആൻമേരിയും (ജനനം 7.10.2003).



**സൈബി**

ജോർജ്ജ് അന്നംകുട്ടി ദമ്പതിമാരുടെ രണ്ടാമത്തെ മകനായ സൈബി 14.12.1970ൽ ജനിച്ചു. മഞ്ഞപ്ര പുന്നയ്ക്കൽ പി. ഐ. പൗലോസിന്റെ മകൾ ജിബിയെ 29.11.2001 ൽ വിവാഹം ചെയ്തു. സൗദിയിൽ

അയിരുന്ന സൈബി ഇപ്പോൾ നാട്ടിൽ ANNA MARIYA HOLOBRICKS എന്ന സ്ഥാപനം നടത്തി വരുന്നു. ഈ ദമ്പതിമാർക്ക് ഒരു പെൺകുഞ്ഞ് (ബിനിത ജനനം 15.10.2002) ജനിച്ചു.



**കൊച്ചുമാത്തു**

ദേവസ്സി ഏല്യ ദമ്പതിമാരുടെ മൂന്നാമത്തെ മകനായ കൊച്ചുമാത്തു 17.6.1938ൽ ജനിച്ചു. വളരെക്കാലം വിദേശത്ത് ജോലിചെയ്തിരുന്നു. കൊരട്ടി പയ്യപ്പിള്ളി വർക്കി മകൾ മേരിയെ 1.6.1970ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും, ഒരുപെൺകുട്ടിയും (ബിനു, ബിജു, ബിന്ദു) ജനിച്ചു. മേരി വിശുദ്ധനാടുകൾ സന്ദർശിച്ചിട്ടുണ്ട്. കൊച്ചുമാത്തു 12.7.2008ൽ നിര്യാതനായി.



കൊച്ചുമാത്തു

**ബിനു**

മാത്തു മേരി ദമ്പതികളുടെ മൂത്തമകനായ ബിനു 18.9.1971ൽ ജനിച്ചു. തുമ്പൂർ കൊങ്കോത്ത് ഫ്രാൻസീസ് അന്നംകുട്ടി ദമ്പതിമാരുടെ ഇളയമകളായ ബെറ്റ്സിയെ 28.4.2000ൽ വിവാഹം ചെയ്തു. ഐടിസി ഓട്ടോമൊബൈൽ വിദ്യാഭാസത്തിനു ശേഷം മഞ്ഞപ്രയിൽ ഓട്ടോമൊബൈൽ വർക്ക് ഷോപ് നടത്തിയിരുന്ന ബിനു ഇപ്പോൾ പൂവത്തുശ്ശേരിയിൽ ബിസിനസ് ചെയ്യുന്നു .ഇവരുടെ മകൾ അബിത (09/08/2003) ഇപ്പോൾ LLB ക്ക് പഠിക്കുന്നു.



**ബിജു**

മാത്തു മേരി ദമ്പതികളുടെ രണ്ടാമത്തെ മകനായ ബിജു 18.9.1971ൽ ജനിച്ചു. ഐ.ടി.സി വിദ്യാഭ്യാസത്തി നുശേഷം സൗദിയിൽ ജോലിചെയ്തിരുന്നു. കടമാക്കുടി തോട്ടുങ്ങൽ പത്രോസ് മേരി ദമ്പതികളുടെ രണ്ടാമത്തെ മകൾ റിജയെ 12.12.2002ൽ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകൾ (അബിഷ- ജനനം 14.8.2003) ജനിച്ചു. ഇപ്പോൾ ഇവർ കുടുംബസമേതം ലണ്ടനിൽ ജോലിചെയ്യുന്നു.



**ബിന്ദു** :

മാത്തു മേരി ദമ്പതികളുടെ ഏകമകൾ ബിന്ദു 7.5.1973ൽ ജനിച്ചു. ബിന്ദുവിനെ മാള (കോട്ടമുറി) തെക്കിനിയത്ത് ദേവസ്സി എൽസി ദമ്പതികളുടെ മൂത്തമകൻ ജോസ് വിവാഹം ചെയ്തു. ഇവർക്ക് ഒരാൺകുട്ടിയും (ക്രിസ്റ്റോ) ഒരു പെൺകുട്ടിയും (ആഗ്ന) ജനിച്ചു.



**ജോസ്**

ദേവസി ഏല്യ ദമ്പതിമാരുടെ ഇളയമകൻ ജോസ് 22.1.42 ൽ ജനിച്ചു. പ്രീമിയർ കേബിൾസിൽ ഉദ്യോഗസ്ഥ നായിരുന്ന ജോസ് അയിരൂർ ചിറക്ക മണവാളൻ മണിയെ 20.4.1975 ൽ വിവാഹം ചെയ്തു. ജോസ് ഇപ്പോൾ പൂവ്വത്തുശ്ശേരിയിൽ ബിസിനസ് നടത്തുന്നു. ഈ ദമ്പതിമാർക്ക് മൂന്ന്മക്കളാണ് ഉള്ളത്. (ജെയ്ജിൻ, ജിസ്മി, ജെസ്നി).



**ജെയ്ജിൻ**

ജോസ് മണി ദമ്പതിമാരുടെ മൂത്തമകൻ ജെയ്ജിൻ 22.4.1977ൽ ജനിച്ചു. ഹോട്ടൽ മാനേജ്മെന്റിൽ ഡിപ്ലോമ പാസായ ജെയ്ജിൻ കോടനാട് ഇഞ്ചിപറമ്പിൽ വിത്സൻ ലിസി ദമ്പതിമാരുടെ മകൾ ദീപയെ 31.12.2007ൽ വിവാഹം ചെയ്തു. ഇവർക്ക് ജെറോമിൻ ജയ്ജിൻ ജോസ് (ജനനം 3.5.2010) എന്നും ജെസ്ലിൻ ജയ്ജിൻ (ജനനം 6.9.2013) എന്നും രണ്ടു മക്കൾ. ഇപ്പോൾ ഇവർ കുടുംബസമേതം ഓസ്ട്രേലിയായിൽ ജോലി ചെയ്യുന്നു.



**ജിസ്മി**

ജോസ് മണി ദമ്പതിമാരുടെ മൂത്തമകൾ ജിസ്മി 28.8.1982ൽ ജനിച്ചു. ജിസ്മിയെ ചാലക്കുടി വെള്ളാനി ക്കാരൻ ജോർജ്ജ് മേരി ദമ്പതിമാരുടെ മൂത്തമകനായ ടോണി 3.12.2006ൽ വിവാഹം ചെയ്തു. ഇവർക്ക് മേരി ആൻ ടോണി എന്നു പേരായ ഒരു പെൺകുട്ടിയുണ്ട്. ടോണി ഗോൾഡ് ബിസിനസ് നടത്തുന്നു.



**ജെസ്നി**

ജോസ് മണി ദമ്പതിമാരുടെ ഇളയ മകൾ ജെസ്നി (ജനനം 27.6.1989) യെ മേച്ചിറ കുന്നുമ്മേൽ രാജേഷ് 15.3.2010ൽ വിവാഹം ചെയ്തു. ഇവർക്ക് അനവു് എന്നുപേരായ ഒരു ആൺകുട്ടിയുണ്ട്. രാജേഷ് സൗദി യിൽ ജോലി ചെയ്യുന്നു.



**റീത്ത**

ദേവസ്സി ഏല്യ ദമ്പതിമാരുടെ ഇളയ മകൾ റീത്തയെ വിവാഹം ചെയ്തിരിക്കുന്നത് ഞാറയ്ക്കൽ വാളൂരാൻ തോമസ് (എഞ്ചിനിയർ) ആണ്. റീത്ത ഞാറയ്ക്കൽ പള്ളിസ്കൂളിൽ അദ്ധ്യാപികയായിരുന്നു. ഇവർക്ക് ഒരാണും (ബെർട്ട്), ഒരു പെൺകുട്ടിയും (അനീറ്റ) ജനിച്ചു. വിദേശത്ത് ജോലിചെയ്തിരുന്ന ബെർട്ട് ജിൻസി (അഡ്വക്കേറ്റ്, എറണാകുളം)യെ വിവാഹം ചെയ്തു. അനീറ്റയെ ഒല്ലൂർ തട്ടിൽ വർഗ്ഗീസ് (ബിസിനസ്സ്) വിവാഹം ചെയ്തു.




**ബ്രിജീത്ത**

നാലാം തലമുറയിലെ മാത്തു മറിയം ദമ്പതിമാരുടെ ഇളയ മകളായി ബ്രിജീത്ത ജനിച്ചു. ഞാറയ്ക്കൽ വാഴ പ്പിള്ളി പൗലോ വറീതാണ് വിവാഹം ചെയ്തിരിക്കുന്നത്. ഈ ദമ്പതികൾക്ക് അഞ്ച് ആൺമക്കളും (കു ഞ്ഞിപൗലോ, കൊച്ചുമാത്തു, ജോസഫ്, ലോനപ്പൻ, ഇട്ടൂപ്പ്) ഒരു പെൺകുട്ടിയും (മാത്തിരി) ജനിച്ചു.

വറീതും, ബ്രജീത്തയും മക്കളായ കുഞ്ഞിപൗലോയും, കൊച്ചുമാത്തുവും, ലോനപ്പനും നിര്യാതരായി.

**ഗീവർഗ്ഗീസ് (ഇശ്വദോർ)**

മാത്തു മറിയം ദമ്പതിമാരുടെ ഏറ്റവും ഇളയ മകനായ ഗീവർഗ്ഗീസ് (ഇശ്വദോർ) 11.5.1907ൽ ജനിച്ചു. മാമ്പിള്ളി മത്തായി മകൾ മറിയംകുട്ടിയാണ് ഭാര്യ. ഈ ദമ്പതിമാർക്ക് നാല് പെൺമക്കളും (ത്രേസ്യാമ്മ, ലില്ലി, മേരി, റവ. സി. ദീപ്തി) ഒരാണും ജോസ് എന്ന (ബേബി) ജനിച്ചു. ഇരിമ്പൻ കുടുംബാംഗങ്ങളേയും ബന്ധുമിത്രാതികളേയും പറ്റി ഗീവർഗ്ഗീസിന് നല്ല വിവരം ഉണ്ടായിരുന്നു. ഇത്തരം ഒരു ഗ്രന്ഥം ഉണ്ടാക്കണമെന്ന ആശയം കുടുംബയോഗത്തിൽ അവതരിപ്പിച്ചതും ഗീവർഗ്ഗീസാണ്. ഈ പുസ്തകത്തിലേക്ക് ചില പഴയ ആധാരങ്ങളും മറ്റും ശേഖരിച്ച് തന്നത് അദ്ദേഹമാണ്. ഗീവർഗ്ഗീസ് 25.7.1991ലും, മറിയംകുട്ടി 15.1.1999ലും നിര്യാതരായി.



**ത്രേസ്യാമ്മ**

ഗീവർഗ്ഗീസ് മറിയം ദമ്പതികളുടെ മൂത്തമകൾ ത്രേസ്യാമ്മയെ അന്നനാട് ചിറപ്പണത്ത് അന്തോണി മകൻ കൊച്ചുവർക്കി 4.3.1962ൽ വിവാഹം ചെയ്തു. ചാലക്കുടിയിൽ ജ്വല്ലറി നടത്തുന്നു. ഇവർക്ക് ആറ് ആൺമക്കളും (ആന്റു, മാത്യു, ജോസ്, ജോൺ, ജോർജ്ജ്, ഡേവീസ്) ഒരു പെൺകുട്ടിയും (ലില്ലി) ജനിച്ചു. ജോസും, ഡേവീസും വൈദീകരാണ്. കൊച്ചുവർക്കി 10.10.2013 ലും, ത്രേസ്യാമ്മ 20.12.2018 ലും നിര്യാതരായി.



**ലില്ലി**

ഗീവർഗ്ഗീസ് മറിയം ദമ്പതികളുടെ രണ്ടാമത്തെ മകൾ ലില്ലിയെ കോട്ടമുറി കൊടിയൻ ദേവസ്സി മകൻ ജോർജ്ജ് 28.10.1974ൽ വിവാഹം ചെയ്തു. ഇവർക്ക് നാല് ആൺമക്കൾ (ലിജോ, ലിയോ, ജിയോ, ജിന്റോ) ജനിച്ചു. ജോർജ്ജ് 14.3.1997ൽ നിര്യാതനായി.



**മേരി**

ഗീവർഗ്ഗീസ് മറിയം ദമ്പതിമാരുടെ മൂന്നാമത്തെ മകൾ മേരിയെ അവിട്ടത്തൂർ ഊരകം ചിറ്റിലപ്പിള്ളി തൊമ്മാന വറീത് ഏല്യ ദമ്പതികളുടെ മകൻ ജോർജ്ജ് 21.11.1982ൽ വിവാഹം ചെയ്തു. ഇവർക്ക് ഒരാൺകുട്ടിയും (ജോമി) ഒരു പെൺകുട്ടിയും (ജാസ്മിൻ) ജനിച്ചു.



**ജോസ് (ബേബി)**

ഗീവർഗ്ഗീസ് മറിയം ദമ്പതിമാരുടെ ഏക മകൻ ജോസ് (ബേബി) 15.4.1949ൽ ജനിച്ചു. ആലത്തൂർ തെക്കിനിയത്ത് പാപ്പൂട്ടി മാസ്റ്റർ മകൾ ലില്ലിയെ 22.6.1975ൽ വിവാഹം ചെയ്തു. ബേബി ലില്ലി ദമ്പതി മാർക്ക് ജിയോ, സ്മിത, സ്വീറ്റി എന്നീ മൂന്ന് മക്കൾ ജനിച്ചു.




**ജിയോ**

ബേബി ലില്ലി ദമ്പതിമാരുടെ മൂത്തമകൻ ജിയോ 26.6.1976ൽ ജനിച്ചു. ഐ.ടി.സി. പാസായ ശേഷം കുറച്ചുകാലം വിദേശത്ത് ജോലി ചെയ്തു. ഇപ്പോൾ നാട്ടിൽ ജോലി ചെയ്യുന്നു. ജിയോ വലിയപറമ്പ് തളിയത്ത് തോമസ് മകൾ നീതുവിനെ വിവാഹം ചെയ്തു. ഇവർക്ക് ആഞ്ചലോ ആൻജോ എന്ന രണ്ടു മക്കൾ.



**സ്മിത B.Com.**

ബേബി ലില്ലി ദമ്പതിമാരുടെ മൂത്തമകളായ സ്മിത 2.10.1978ൽ ജനിച്ചു. സ്മിതയെ കുറ്റിക്കാട് പരിയാടൻ കുഞ്ഞുവറീത് മകൻ ജോയ് വിവാഹം ചെയ്തു. ഇവർക്ക് ഒരു ആൺകുട്ടിയും (ഓസ്റ്റിൻ) ഒരു പെൺ കുട്ടിയും (അനറ്റ്) ജനിച്ചു.



**സ്വീറ്റി**

ബേബി ലില്ലി ദമ്പതിമാരുടെ ഇളയ മകളായ സ്വീറ്റി 30.3.1981 ൽ ജനിച്ചു. സ്വീറ്റിയെ ചെങ്ങാലൂർ കാച്ചപ്പിള്ളി ജോസ് മകൻ ജോഷി വിവാഹം ചെയ്തു.



**റവ. സി. ദീപ്തി B.A.**

ഗീവർഗ്ഗീസ് മറിയം ദമ്പതിമാരുടെ ഇളയ മകൾ ദീപ്തി 13.11.1959ൽ ജനിച്ചു. ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ക്രൈസ്റ്റ് കോൺഗ്രിഗേഷനിൽ 6.10.1979ൽ ചേർന്ന ദീപ്തി 5.5.1988ൽ സഭാവസ്ത്രം സ്വീകരിച്ചു. 1.5.1994ൽ വ്രതവാഗ്ദാനം നടന്നു. ഇപ്പോൾ കട്ടപ്പനയിലുള്ള ഒർഫനേജിന്റെ സൂപ്പർവൈസർ ആയി പ്രവൃത്തിച്ചതിനു ശേഷം ഇപ്പോൾ ആന്ധ്രയിൽ ഉള്ള Little Sisters of Jesus christ ന്റെ ശാന്തിനിലയത്തിൽ സേവനം ചെയ്യുന്നു.



**റവ. സി. ദീപ്തി**